പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3903 — 21.10.2016 ലെ മറുപടിയ്ക്ക്

## കാലവർഷക്കെടുതി മൂലമുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) 2014-ലെ കാലവർഷക്കെടുതിയിൽ കൃഷി നശിച്ച മരങ്ങാട്ടുപള്ളി, കുറിച്ചിത്താനം വില്ലേജുകളിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) & (ബി) | മരങ്ങാട്ടുപള്ളി കൃഷിഭവനിൽ ലഭിച്ച 167 അപേക്ഷകളിൻമേൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| ബി) എത്ര കർഷകർക്കാണ് നഷ്ടപരിഹാരം കണക്കാക്കിയിട്ടുള്ളതെന്നും അത് ആർക്കൊക്കെയാണെന്നും വെളിപ്പെടുത്തുമോ; ഇവരിൽ ആർക്കെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എത്ര അപേക്ഷകൾ ഇതു സംബന്ധിച്ച് മരങ്ങാട്ടുപള്ളി കൃഷിഭവനിൽ ലഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | കാലവർഷക്കെടുതി മൂലമുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി മരങ്ങാട്ടുപള്ളി കൃഷി ഭവനിൽ അപേക്ഷ നൽകിയിരുന്ന ശ്രീ. ജോർജ് ജോസ്, വല്യമ്യാലിൽ, മണ്ണക്കനാട് പി.ഒ., കോട്ടയം എന്നയാളിന്റെ അപേക്ഷയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) & (ഡി) | ശ്രീ. ജോർജ് ജോസിന്റെ അപേക്ഷ പരിശോധിച്ച് നഷ്ടപരിഹാരം തിട്ടപ്പെടുത്തി തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ശ്രീ. ജോർജ് ജോസിന് നഷ്ടപരിഹാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ അപേക്ഷകന്റെ അപേക്ഷയിൽ കൃഷി വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്